# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3098 — 28.01.2014 ൽ മറുപടിക്ക്

### മുളക്കുളം പഞ്ചായത്തിൽ മാവേലി സ്റ്റോർ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ കീഴൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ ആരംഭിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ;<br><br>(ബി) കീഴൂർ സർവ്വീസ് സഹകരണ ബാങ്ക്, കെട്ടിടവും അനുബന്ധ ഉപകരണങ്ങളും നൽകിയിട്ടും മാവേലി സ്റ്റോർ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും മുളക്കുളം പഞ്ചായത്തിൽ കീഴൂർ സർവ്വീസ് സഹകരണ ബാങ്ക് വക കെട്ടിടത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ കോട്ടയം റീജിയണൽ മാനേജരിൽ നിന്നുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചെങ്കിലും മാവേലി സ്റ്റോറിനായി നിർദ്ദേശിച്ചിരിക്കുന്ന കെട്ടിടത്തിന് 350 ച. അടി വിസ്തീർണ്ണം മാത്രമെ ഉള്ളൂ.<br>ഒരു മാവേലി സ്റ്റോർ സുഗമമായി പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 500 ച.അടി വിസ്തീർണം എങ്കിലും വേണം. മതിയായ സൗകര്യം ഇല്ലാത്തതിനാലാണ് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള അപേക്ഷയിൽ തുടർ നടപടി സ്വീകരിയ്ക്കാൻ കഴിയാത്തത്. |
| (സി) പ്രസ്തുത മാവേവി സ്റ്റോർ എന്ന് തുടങ്ങാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് പഞ്ചായത്തും ബാങ്കുമായി സപ്ലൈകോ അധികൃതർ ആശയ വിനിമയം ഉടൻ നടത്തുമോ; ഇതിന്റെ തടസ്സങ്ങൾ മാറ്റിയെടുക്കാൻ ശ്രമിക്കുമോ? | (സി) സപ്ലൈകോയിലെ നിലവിലെ നിബന്ധന പ്രകാരമുള്ള 500 ച. അടിയിൽ കുറയാത്ത സ്ഥലം ബാങ്ക് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യത കൂടി കണക്കിലെടുത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച് പഞ്ചായത്തും ബാങ്കുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ മാറ്റിയെടുക്കാൻ ശ്രമിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ